23515/2020/FAIRCOPY DKSA

"ഭരണഭാഷ-മാതൃഭാഷ"

OFFICE OF THE DIRECTOR OF KERALA STATE AUDIT
11 NOV 2020
VIKAS BHAVAN, TVPM-695 033

11/11/20 IT

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്- ഓഡിറ്റ് വകുപ്പിന്റെ സ്റ്റാറ്റ്യൂട്ടറി പരിശീലനകേന്ദ്രം IT assisted learning tools ന്റെ സഹായത്തോടെ ആധുനികവൽക്കരിക്കുന്നതിനു തുടർ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (സാധാ )നം.5887/2020/ധന** **തീയതി, തിരുവനന്തപുരം, 14/10/2020**

പരാമർശം 1 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 22/05/2020, 30/09/2020 തീയതികളിലെ കെ.എസ്.എ.3288/ഐ.ടി 2/2019 നമ്പർ കത്ത്.

2 29/01/2020 തീയതിയിലെ സ.ഉ(സാധാ) നം.844/2020 ധന

**ഉത്തരവ്**

ഓഡിറ്റ് വകുപ്പിൽ പുതുതായി പ്രവേശിക്കുന്ന ഓഡിറ്റർമാർക്കും, നിലവിലുള്ള ഓഡിറ്റർമാർക്കും ഓഡിറ്റ് മേഖലയിൽ കാലാകാലങ്ങളിലുണ്ടാകുന്ന മാറ്റങ്ങൾക്കൊപ്പം ഈ രംഗത്തുണ്ടാകുന്ന ദേശീയ അന്തർദേശീയ മാതൃകകളും ശൈലികളും രീതിശാസ്ത്രങ്ങളും തുടർച്ചയായ പരിശീലനപരിപാടികളുടെ ഭാഗമായി ആധുനിക വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് ഡിജിറ്റൈസ്ഡ് പ്ലാറ്റ്ഫോമിൽ പരിശീലനം നൽകുന്നതിനുവേണ്ടി ഓഡിറ്റ് വകുപ്പിന്റെ സ്റ്റാറ്റ്യൂട്ടറി പരിശീലനകേന്ദ്രം IT assisted learning tools ന്റെ സഹായത്തോടെ ആധുനിക വൽക്കരിക്കുന്നതിനായി ഊരാളുങ്കൽ ലേബർ കോപ്പറേറ്റീവ് സൊസൈറ്റിയുടെ 86,92,026/- രൂപയുടെ പ്രൊപ്പോസലിനു ഈ വകുപ്പിൽ നിന്നും ഭരണാനുമതി നൽകി പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

കോവിഡ് -19 മഹാമാരിയുടെ വ്യാപനത്തെ തുടർന്നുള്ള ലോക്ക് ഡൗൺ കാരണം പ്രസ്തുത പ്രോജക്ടിന്റെ പ്രവൃത്തി 2019-20 സാമ്പത്തിക വർഷം പൂർത്തീകരിക്കുവാൻ സാധിക്കാത്തതിനാൽ ഓൺലൈൻ സംവിധാനങ്ങളുടെ അനിവാര്യത കണക്കിലെടുത്ത് മേൽപ്പറഞ്ഞ പദ്ധതി 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കി പൂർത്തീകരിക്കുന്നതിനുവേണ്ട തുടർ ഭരണാനുമതി നൽകണമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം 1 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പദ്ധതി പ്രവർത്തനത്തിന്റെ ഓരോ ഘട്ടവും ഓഡിറ്റ് വകുപ്പിന്റെ ടെക്നിക്കൽ കമ്മിറ്റി നിരീക്ഷിക്കേണ്ടതാണെന്ന നിബന്ധനയ്ക്ക് വിധേയമായി ഓഡിറ്റ് വകുപ്പിന്റെ സ്റ്റാറ്റ്യൂട്ടറി പരിശീലനകേന്ദ്രം IT assisted learning tools ന്റെ സഹായത്തോടെ ആധുനികവൽക്കരിക്കുന്നതിനു വേണ്ടി Uralungal Labour Co-operative society സമർപ്പിച്ചിട്ടുള്ള 86,92,026/- (എൺപത്തിയാറ് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി ഇരുപത്തിയാറ്) രൂപയുടെ പ്രൊപ്പോസലിനു തുടർ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത ചിലവ് നടപ്പ് സാമ്പത്തിക വർഷത്തെ 2054-00-098-88 ഓഡിറ്റ് വകുപ്പിന്റെ ആധുനികവൽക്കരണം-പ്ലാൻ എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള മൊത്തം വിഹിതമായ 209.00

23515/2020/FAIRCOPY DKSA

ലക്ഷം രൂപയിൽ 'കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ പരിശീലന കേന്ദ്രത്തിന്റെ നവീകരണം' എന്ന ഘടകത്തിന്റെ വിഹിതമായ 25.00 ലക്ഷം രൂപയിൽ നിന്നും കണ്ടെത്താവുന്നതാണ്. ശേഷം അധികം വേണ്ടി വരുന്ന തുക " ഓഡിറ്റ് വകുപ്പിന്റെ ആധുനികവത്കരണം" പദ്ധതിയുടെ നാളിതുവരെയുള്ള ചെലവ് കഴിഞ്ഞ് ബാക്കി തുകയിൽ നിന്നും കണ്ടെത്താവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.ഡി.ഫെറോൾഡ് സേവ്യർ**

**അഡീഷണൽ സെക്രട്ടറി(ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള. തിരുവനന്തപുരം
ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി(ഇ 1375328)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ